പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2003 | 05 - 12 - 2018-ൽ മറുപടിക്ക്.

## തിരുനാരായണപുരം പട്ടികജാതി കോളനിയിൽ അക്ഷയകേന്ദ്രം

ചോദ്യം | മറുപടി

ശ്രീ.അൻവർ സാദത്ത് | പിണറായി വിജയൻ (മുഖ്യമന്ത്രി)

| | |
|---|---|
| എറണാകുളം ജില്ലയിൽ അങ്കമാലി ബ്ലോക്കിൽപ്പെട്ട തിരുനാരായണപുരം പട്ടികജാതി കോളനിയിൽ അക്ഷയകേന്ദ്രം തുടങ്ങുവാൻ ഉള്ള നടപടികൾ ഏത് ഘട്ടത്തിൽ ആയി എന്ന് വ്യക്തമാക്കാമോ? | എറണാകുളം ജില്ലയിൽ അങ്കമാലി ബ്ലോക്കിൽപ്പെട്ട കാഞ്ഞൂർ പഞ്ചായത്തിലെ തിരുനാരായണപുരം പട്ടികജാതി കോളനിയിൽ അക്ഷയകേന്ദ്രം ആരംഭിക്കുന്നതിന് G.O. (MS)No.36/2015/ITD Dated 04/09/2015 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. അതു പ്രകാരം 2015-ൽ അപേക്ഷ ക്ഷണിച്ച് 01/03/2018 ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഒരാൾ മാത്രമാണുണ്ടായിരുന്നത്. അക്ഷയ കേന്ദ്രം സജ്ജീകരിക്കുന്നതിന് ടിയാൾക്ക് അറിയിപ്പ് നൽകിയെങ്കിലും കേന്ദ്രം സജ്ജീകരിക്കുകയോ അക്ഷയ ഓഫീസുമായി ബന്ധപ്പെടുകയോ ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത ലൊക്കേഷൻ ഒഴിവുള്ള ലൊക്കേഷനുകളിൽ ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ